**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 512** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി ഭവന നിർമ്മാണത്തിന് ഈ വർഷം വകയിരുത്തിയിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കാമോ; ഇവർക്കായി ലൈഫ് പദ്ധതിയിൽ എത്ര വീടുകളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നത്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കുന്ന ദുർബല പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടിക വർഗ വിഭാഗങ്ങൾക്കായി ആദിവാസി പുനരധിവാസ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാത്രം പട്ടികജാതി പട്ടിക വർഗ വികസന വകുപ്പുകൾ മുഖേന നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്. ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ വിഭാഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ലൈഫ് മിഷന് തുക കൈമാറുകയാണ് നിലവിൽ വകുപ്പ് ചെയ്യുന്നത്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് വകയിരുത്തിയിരുന്ന 300 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് വകയിരുത്തിയിരുന്ന 140 കോടി രൂപയും ഉൾപ്പെടെ 440 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ 418 കോടി രൂപയാണ് പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ ലൈഫ് മിഷന് കൈമാറിയത്. ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഭവന പൂർത്തീകരണം എന്നിവയുടെ സ്പിൽ ഓവർ പദ്ധതികൾക്കും പഠനമുറി, സേഫ് എന്നീ പദ്ധതികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം 205 കോടി രൂപ പട്ടികജാതി വികസന |

| | | | |
|---|---|---|---|
| | | | വകുപ്പും 57.5 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട് |
| (ബി) | വാസയോഗ്യമല്ലാത്ത വിധത്തിൽ ജീർണ്ണിച്ച വീടുകളുടെ പുനർനിർമ്മാണത്തിനും സ്ഥലസൗകര്യം കുറഞ്ഞ വീടുകളിൽ അധികമുറി നിർമ്മിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ചു നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതും സ്വന്തമായി ഭവന നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിനായുള്ള പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കിയിരുന്നു. എന്നാൽ സാങ്കേതികമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടെങ്കിലും പല വീടുകളും പൂർണ്ണതയിൽ എത്തുന്നില്ല എന്ന കണ്ടെത്തലിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം "സേഫ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഭവന പൂർത്തീകരണവും പുനരുദ്ധാരണവും മറ്റും ലക്ഷ്യമാക്കി ആരംഭിച്ച സേഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താ ക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗകാർക്ക് രണ്ടര ലക്ഷം രൂപയും അനുവദിച്ചു വരുന്നു. |
| (സി) | നിർമ്മാണം പാതി വഴിയിലായ ഇത്തരം വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ചു നൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതും സ്വന്തമായി ഭവന നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിനായുള്ള പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി നടപ്പിലാക്കിയിരുന്നു. എന്നാൽ സാങ്കേതികമായി പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടെങ്കിലും പല വീടുകളും പൂർണ്ണതയിൽ എത്തുന്നില്ല എന്ന കണ്ടെത്തലിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം "സേഫ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഭവന പൂർത്തീകരണവും പുനരുദ്ധാരണവും മറ്റും ലക്ഷ്യമാക്കി ആരംഭിച്ച സേഫ് പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താ ക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗകാർക്ക് രണ്ടര ലക്ഷം രൂപയും അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ